# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ :*494 19.11.2019-ൽ മറുപടിക്ക്

**കാർഷിക മൂല്യവർദ്ധിതോൽപ്പന്ന വ്യവസായങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ.സജി ചെറിയാൻ**<br>**ശ്രീ.കാരാട്ട് റസാഖ്**<br>**ശ്രീ.ആന്റണി ജോൺ** | **ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കാർഷികോല്പന്നങ്ങളിൽ അധിഷ്ഠിതമായി മൂല്യവർദ്ധിതോൽപ്പന്ന വ്യവസായം ആരംഭിച്ച് വ്യവസായ പുരോഗതിയോടൊപ്പം കാർഷിക മേഖലയുടെ പുരോഗതി കൂടി സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടോ; | **(എ)** ഉണ്ട്. |
| (ബി) ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | **(ബി)** 2018-19 വർഷം പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിലായി 3 റൈസ് പാർക്കുകളാണ് അനുവദിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ പ്രഖ്യാപിച്ച ഇൻറഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനായി പ്രഭുറാം മില്ലിൽ ലഭ്യമായ 5.22 ഏക്കർ സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കിറ്റ്കോ ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പ്രാഥമിക പഠനം നടത്തുകയും പദ്ധതിക്കായി കരട് അടങ്കൽ തുകയായി 4138.24 ലക്ഷം രൂപയും കണക്കാക്കിയിട്ടുണ്ട്. ഈ പ്രോജക്ടിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതു സംബന്ധിച്ച് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനം അറിയിക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| | മാത്രവുമല്ല ബഹു.ചെങ്ങന്നൂർ നിയോജക മണ്ഡലം എം.എൽ.എ, കിറ്റ്കോ, നോഡൽ ഓഫീസർ, കെ.എസ്.റ്റി.സി മാനേജിംഗ് ഡയറക്ടർ എന്നിവർ സംയോജിത സൈറ്റ് ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) വിലത്തകർച്ച നേരിടുന്ന റബ്ബർ കർഷകർക്ക് ആശ്വാസമേകുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ചിട്ടുള്ള റബ്ബർ മൂല്യവർദ്ധിതോല്പന്ന വ്യവസായ സമുച്ചയം ആരംഭിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | **(സി)** വിലത്തകർച്ച മൂലം പ്രയാസമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടി വ്യവസായ വകുപ്പിന് കീഴിൽ സിയാൽ മാതൃകയിൽ **"കേരള റബ്ബർ ലിമിറ്റഡ്"** എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. റബ്ബർ മൂല്യവർദ്ധിതോൽപ്പന്ന വ്യവസായ സമുച്ചയം പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) ചേർത്തലയിൽ സ്ഥാപിക്കുന്ന മെഗാഫുഡ് പാർക്കിന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ചും അതിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും വിശദമാക്കാമോ? | **(ഡി)** കെ.എസ്.ഐ.ഡി.സി-യുടെ കീഴിൽ ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ മെഗാഫുഡ് പാർക്കിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. സമുദ്രോൽപ്പന്ന സംസ്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകി കൊണ്ടുള്ള ഫുഡ് പാർക്കാണ് സ്ഥാപിതമാകുന്നത്. പ്രസ്തുത ഫുഡ് പാർക്ക് മുഖേന കേന്ദ്രീകൃത സമുദ്രോൽപ്പന്ന സംസ്കരണ കേന്ദ്രങ്ങളും സമുദ്രോൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പാദനവും അവയുടെ സംസ്കരണവും ശേഖരണവുമാണ് ലക്ഷ്യമിടുന്നത്. ഇതുവഴി മൽസ്യബന്ധന മേഖലയെയും സമുദ്രോൽപ്പന്ന സംസ്കരണ മൂല്യ വർദ്ധിത ഉൽപാദകരെയും വിപണനക്കാരെയും ഒരുമിപ്പിച്ചു കൊണ്ട് ഭക്ഷ്യ വസ്തുക്കളുടെ പാഴാക്കൽ കുറയ്ക്കുകയും മൽസ്യബന്ധന മേഖലയ്ക്ക് അധിക വരുമാനം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് ലക്ഷ്യം വയ്ക്കുന്നത്. ഫുഡ് പാർക്കിൽ |

| | |
|---|---|
| | സംസ്കരണ മൂല്യവർദ്ധിത പ്ലാന്റുകൾക്ക് പുറമേ ഭക്ഷ്യ വസ്തുക്കൾ നശിച്ചുപോകാതെ ദീർഘകാലം സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് പ്ലാന്റുകളും വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈപ്പിൻ, മുനമ്പം, തോപ്പുംപടി ഹാർബറുകളോട് ചേർന്ന് സമുദ്രോൽപ്പന്നങ്ങളുടെ പ്രാഥമിക സംസ്കരണത്തിനുള്ള പ്ലാന്റുകളും ചേർത്തല ഫുഡ് പാർക്കിന് അനുബന്ധമായി സ്ഥാപിതമാകുന്നു. ചേർത്തല ഫുഡ് പാർക്ക് മുഖേന സമുദ്രോൽപ്പന്ന ഭക്ഷ്യ സംസ്കരണ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ സാധിയ്ക്കും. ഏകദേശം 3000 ത്തോളം പ്രത്യക്ഷ തൊഴിലവസരങ്ങളാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**